**അനുബന്ധം I**

ചോദ്യം *61-ന്റെ മേശപ്പുറത്തുവച്ച ഉത്തരം

സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സാഫ്, മത്സ്യഫെഡ്, മത്സ്യബോർഡ്, ഫിഷറീസ് വകുപ്പ് എന്നിവ മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

A. **മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും മത്സ്യബന്ധനയാനങ്ങളുടെ ഉടമസ്ഥത മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും ഊന്നൽ നൽകി നടപ്പാക്കുന്ന പദ്ധതികൾ**

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY-യിൽ (40% സബ്സിഡി) ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് 2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചു. 1200 ലക്ഷം രൂപയാണ് ആകെ പദ്ധതി തുക. ആദ്യഘട്ടത്തിൽ pilot പ്രോജക്ടായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 6

ഗ്രൂപ്പുകൾ തിരുവനന്തപുരം (2), കൊല്ലം (2), കോഴിക്കോട് (2) എന്ന തരത്തിൽ താല്പര്യം അറിയിച്ചിട്ടുണ്ട്.

2. ഓഖി ദുരന്തത്തിൽ മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായും അപകടത്തിൽപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 120 FRP യാനങ്ങൾ നൽകുന്നതിന് ബ്ലൂറവല്യൂഷൻ 2017-18 പദ്ധതിയിലുൾപ്പെടുത്തി 988 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം -75, കൊല്ലം -15, ആലപ്പുഴ -17, തൃശ്ശൂർ -9, മലപ്പുറം- 3, കാസർഗോഡ്-1 എന്നീ ക്രമത്തിൽ ആകെ 120 FRP ബോട്ടുകളാണ് ഗുണഭോക്തൃ ഗ്രൂപ്പിന് നൽകുന്നത്. ഓരോ FRP ബോട്ടുകൾക്കും 25 HP യുടെയും 9.9 HP യുടെയും രണ്ട് എഞ്ചിനുകളും ജി.പി.എസ്., എക്കോസൗണ്ടർ, ലൈഫ്ബോയ്, റോപ്പ്, ഫ്ലോട്ട് എന്നിവയുമുണ്ട്.

3. മത്സ്യത്തൊഴിലാളികൾക്ക് FRP യാനങ്ങൾ 40% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിന് ബ്ലൂറവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം, 412 ലക്ഷം രൂപയുടെ പദ്ധതി മത്സ്യഫെഡ് വഴി നടപ്പാക്കിയിരുന്നു. പദ്ധതി തുകയുടെ 40% (172 ലക്ഷം രൂപ) ആണ് സബ്സിഡിയായി അനുവദിച്ചത്. 200 മത്സ്യത്തൊഴിലാളികൾക്കാണ് ഈ

പദ്ധതിപ്രകാരം 2 ലക്ഷം രൂപ വിലവരുന്ന FRP യാനങ്ങൾ നിർമ്മിച്ച് നൽകിയത്.

4.PMMSY 2021-22 പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ ചെലവുവരുന്ന FRP യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. FRP യാനത്തിനുപുറമെ എൻജിൻ, മത്സ്യബന്ധന വലകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്നവയാണ് ഒരു യൂണിറ്റ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് വഴി പുരോഗമിക്കുന്നു. കൂടുതൽ സുരക്ഷിതമായ FRP യാനങ്ങൾ നൽകുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ആത്മവീര്യവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുകയും സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുകയും മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന യാനങ്ങളുടെ ഉടമസ്ഥരാക്കി തീർക്കുകയാണ് ഈ പദ്ധതിയിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.

5. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വലകൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന "Suitable components for fishing gears" എന്ന പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം വിലയുടെ

25% അല്ലെങ്കിൽ 10,000/- രൂപ ഇവയിൽ ഏതാണോ കുറവ് ആയത് 10 HP യിൽ താഴെയുള്ള OBM ഘടിപ്പിച്ച യാന ഉടമസ്ഥരായ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നു. പദ്ധതിയിലുൾപ്പെടുത്തി 2016-17, 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലായി 1800 യാന ഉടമകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് 200 ലക്ഷം രൂപ സബ്സിഡി നൽകിയിട്ടുണ്ട്. 2020-23-ൽ 20 ലക്ഷം രൂപയാണ് പദ്ധതി വിഹിതം. 200 മത്സ്യത്തൊഴിലാളികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

6. " Motorization of country crafts" എന്ന പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40 HP വരെയുള്ള എൻജിൻ വാങ്ങുന്നതിന് പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. പദ്ധതി പ്രകാരം 2016-17 -ൽ 80 ലക്ഷം രൂപയും 2017-18-ൽ 70 ലക്ഷം രൂപയും 2018-19-ൽ 60 ലക്ഷം രൂപയും 2019-20-ൽ 60 ലക്ഷം രൂപയും 2020-21-ൽ 60 ലക്ഷം രൂപയും 2021-22-ൽ 60 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 390 ലക്ഷം രൂപ അനുവദിച്ചുനൽകി. 2022-23-ൽ 30 ലക്ഷം രൂപയാണ് പദ്ധതി തുക. 100 മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയിലൂടെ

എൻജിൻ സബ്സിഡി അനുവദിക്കുന്നുണ്ട്. 40 HP വരെ കപ്പാസിറ്റിയുള്ള ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾക്കാണ് സബ്സിഡി അനുവദിക്കുന്നത്.

7. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും 2016-17 പദ്ധതിയിലുൾപ്പെടുത്തി 240 കൃത്രിമപ്പാരുകൾ പുല്ലുവിള, തുമ്പ എന്നീ മത്സ്യഗ്രാമങ്ങളിൽ സ്ഥാപിക്കുന്ന 1 കോടി രൂപയുടെയും 2017-18 പുതുക്കുറിച്ചി, കൊച്ചുതുറ മത്സ്യഗ്രാമങ്ങളിൽ 240 കൃത്രിമപ്പാര് സ്ഥാപിക്കുന്ന 1 കോടി രൂപയുടെയും 2019-20 തിരുവനന്തപുരം ജില്ലയിൽ പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ 840 കൃത്രിമപ്പാര് സ്ഥാപിക്കുന്ന 2 കോടി രൂപയുടെയും 2020-21 പൂവാർ, പുതിയതുറ മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ 620 കൃത്രിമപ്പാര് സ്ഥാപിക്കുന്ന 1.40 കോടി രൂപയുടെയും 2021-22 വർഷങ്ങളിൽ വേളി മത്സ്യഗ്രാമത്തിലെ തീരക്കടലിൽ 310 കൃത്രിമപ്പാര് സ്ഥാപിക്കുന്ന 70 ലക്ഷം രൂപയുടെയും പദ്ധതികൾ നടപ്പിലാക്കി.

വിഴിഞ്ഞം പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത

മത്സ്യഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നിവിടങ്ങളിൽ 1400 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന 3.75 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.

8. 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷ ഉപകരണങ്ങളും' പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 2017-18 മുതൽ 1664 ജി.പി.എസ്.-കളും 66 എക്കോസൗണ്ടറുകളും 1132 ലൈഫ്ബോയെകളും 64 DAT ഉം, 2021-22 -ൽ 360 മൗണ്ടിംഗ് ജി.പി.എസും 400 പേർക്ക് ഹാൻഡ് ഹെൽഡ് ജി.പി.എസും നൽകിയിട്ടുണ്ട്. കടൽ സുരക്ഷാ പദ്ധതി പ്രകാരം പരമ്പരാഗത യാനങ്ങൾക്ക് 609 മൗണ്ടിംഗ് ജി.പി.എസ്. നൽകുന്ന പദ്ധതി 2022-23-ൽ നടപ്പാക്കുന്നത് പരിഗണനയിലാണ്.

9. കടലിൽ സംഭവിക്കുന്ന ഏതു അപകടത്തെയും നേരിടാൻ സജ്ജമാക്കുന്നതിന്റെ ഭാഗമായി 9 ഫിഷറീസ് സ്റ്റേഷനുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിച്ചു വരുന്നു. 2022-23- ൽ ഫിഷിംഗ് ഹാർബർ അടിസ്ഥാനമാക്കിയുള്ള കടൽരക്ഷാ സേനയുടെ രൂപീകരണം, ഫലപ്രദമായ ആശയവിനിമയം

സാധ്യമാക്കുന്നതിന് കടൽത്തീരത്ത് ഒട്ടാകെ സമഗ്രമായ VHF മറൈൻ റേഡിയോ ശൃംഖല സ്ഥാപിക്കുന്നത് പരിഗണനയിലാണ്.

10. 2022-23-ൽ മത്സ്യത്തൊഴിലാളകൾക്ക് നൂതന മത്സ്യബന്ധന സാങ്കേതികവിദ്യ, നാവിഗേഷൻ, സീമാൻ ഷിപ്പ്, സ്രാങ്ക്/എൻജിൻ ഡ്രൈവർ, ഡെക്ക്മാൻ തുടങ്ങിയവയിൽ നൈപുണ്യ പരിശീലനം.

11. ഓഖി പദ്ധതിയിൽ ഉൾപ്പെടുത്തി കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നു. 719 പേർ ഗോവ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിൽ പരിശീലനം പൂർത്തീകരിച്ചു.

12. 2022-23-ൽ പരമ്പരാഗത മത്സ്യത്തൊഴിലാളി ക്ലസ്റ്ററുകൾ/സൊസൈറ്റികൾക്ക് ക്രാഫ്റ്റ് ടോയിംഗ് ട്രാക്ടർ പദ്ധതി നടപ്പാക്കും.

13. Kerala Marine Fishing Regulation Act നടപ്പാക്കൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, മലപ്പുറം ജില്ലയിലെ പൊന്നാനി, കാസർഗോഡ് ജില്ല

എന്നിവിടങ്ങളിൽ നാല് ഫിഷറീസ് സ്റ്റേഷൻ പുതിയതായി പ്രവർത്തനമാരംഭിച്ചു.

14. കൺട്രോൾ റൂമുകൾ: കടൽ രക്ഷാപ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവുമാക്കുന്നതിനും കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള യാനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ അറിയുന്നതിനും ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു സ്റ്റേറ്റ് ലെവൽ മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചു വരുന്നു.

15. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ- 2018-19, 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലെ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാക്രമം 647, 858, 924, 2758 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. 2022-23-ൽ എല്ലാ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കും.

16. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡിക്കായി 2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിലായി 233.66 കോടി രൂപ അനുവദിച്ചു.

17. മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ കരയ്ക്ക് എത്തിക്കുന്നതിന് 300 മുതൽ 700 ലിറ്റർ വരെ സംഭരണശേഷിയുള്ള 483 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 2021-22-ൽ അനുവദിച്ചു. 2022-23 വർഷത്തിലും 800 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ അനുവദിക്കുന്ന പദ്ധതി തുടരും.

B. മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും സാമൂഹിക സാമ്പത്തിക സുരക്ഷാ പദ്ധതികളും

1. പുനർഗേഹം പദ്ധതി- തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള 1398 കോടി രൂപ ഉൾപ്പെടെ 2450 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് പുനർഗേഹം. പദ്ധതി പ്രകാരം 3313 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുന്നതിനും 2594 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 1435 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം 1435 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. കടൽക്ഷോഭം മൂലം

വീട് നഷ്ടപ്പെട്ട 192 മത്സ്യത്തൊഴിലാളികൾക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് നിർമ്മിച്ചു നൽകി.

പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി 276 വ്യക്തിഗത ഫ്ലാറ്റുകൾ പൂർത്തീകരിച്ചു. 342 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരുന്നു. വിവിധ ജില്ലകളിൽ 556 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്.

2. **ലൈഫ് മിഷൻ മുഖാന്തരമുള്ള ഭവന പദ്ധതി** - ഭവനരഹിതരും ഭൂരഹിത ഭവനരഹിതരുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനം ഉറപ്പാക്കുന്നതിനായി ലൈഫ് മിഷന്റെ മാനദണ്ഡങ്ങളിൽ പ്രത്യേക ഇളവ് അനുവദിച്ചു. 7778 ഭവനരഹിതരുടെയും 7346 ഭൂരഹിത ഭവനരഹിതരുടേയും ലിസ്റ്റ് ലൈഫ് മിഷന് കൈമാറി. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട ഭവനരഹിതരായ 5744 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിക്കുകയും 3447 പേർ കരാറിൽ ഏർപ്പെട്ട് ഇതിൽ 1325 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിത ഭവനരഹിതരായ 1283 പേരുടെ പട്ടിക അംഗീകരിക്കുകയും ഇതിൽ 221 പേർ സ്ഥലം കണ്ടെത്തുകയും 161 പേർ

എഗ്രിമെന്റ് വയ്ക്കുകയും 81 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. **സമ്പാദ്യ സമാശ്വാസ പദ്ധതി -** പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം 1500/- രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽനിന്നും സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായംകൂടി ഉൾപ്പെടുത്തി കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായമായി 4500/- രൂപ അനുവദിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 1,83,541 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്.

4.**മത്സ്യത്തൊഴിലാളികൾക്ക് യാനങ്ങളും മത്സ്യബന്ധനോപകരണങ്ങളും സ്വയത്തമാക്കുന്നതിന്** പലിശ രഹിത വായ്പ- പ്രാഥമിക സഹകരണ സംഘങ്ങൾ വഴി മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർമ്മോന്മുഖരായ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന വായ്പകൾക്ക് പലിശസഹായം

നൽകുന്നതിന് 4 കോടി രൂപയുടെയും മത്സ്യവില്പനയിൽ ഏർപ്പെടുന്ന കേരള മത്സ്യത്തൊഴിലാളി വനിതകൾക്ക് അനുവദിക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിന് 2 കോടി രൂപയുടെയും പദ്ധതി മത്സ്യഫെഡ് മുഖേന 2022-23-ൽ നടപ്പാക്കും. എൻ.സി.ഡി.സി. ലോണിലുള്ള സബ്സിഡിയും എൻ.ബി.സി.എഫ്.ഡി.സി. ലോണും എൻ.എം.ഡി.എഫ്.സി. ലോണിന് സീഡ് കാപ്പിറ്റലിനുമായി 3 കോടി രൂപയുടെയും ഉൾപ്പെടെ 9 കോടി രൂപയുടെ പദ്ധതിയും മത്സ്യഫെഡ് മുഖേന നടപ്പാക്കും.

**5. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി** പ്രീമെട്രിക്, പോസ്റ്റ്മെട്രിക്, പാരലൽ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിൽ നല്കി വരുന്നു.

6. **Egrantz പദ്ധതി** - മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് യഥാസമയം വിദ്യാഭ്യാസ സഹായം ലഭിക്കുന്നതിന് Egrantz പദ്ധതി നടപ്പാക്കി. 2016-17 -ൽ 19.99 കോടി രൂപ, 2017-18-ൽ 25.52 കോടി രൂപ, 2018-19 -ൽ

29.17 കോടി രൂപ, 2019-20 വർഷം 29.78 കോടി രൂപ 2020-21 ൽ 32.51 കോടി രൂപ, 2021-22-ൽ 30.30 കോടി രൂപ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി നൽകി. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം കുടിശ്ശിക രഹിതമായി അനുവദിക്കാൻ 32.21 കോടി രൂപ ചെലവഴിക്കും.

7. **വിദ്യാതീരം പദ്ധതി** പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് പരിശീലനം നൽകി വരുന്നു. 2016-17 മുതൽ 794 കുട്ടികൾക്ക് ടി പദ്ധതിയുടെ പ്രയോജനം കിട്ടി. 2015-16 മുതൽ മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 421 പേരിൽ 54 പേർക്ക് എം.ബി.ബി.എസ്.നും 95 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 -ൽ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉന്നതവിദ്യാഭ്യാസ സഹായത്തിനായി 100 പേർക്ക് മെഡിക്കൽ എൻട്രൻസ് കോച്ചിംഗ്, 25 പേർക്ക് ഐ.ഐ.ടി, എൻ.ഐ.ടി കോച്ചിംഗ്, 15 പേർക്ക് സിവിൽ സർവ്വീസ് കോച്ചിംഗും നൽകും.

8. **GRFTHS** – തീരദേശത്ത 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ്

ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു.

9. **പ്രതിഭാതീരം** - പദ്ധതിയിൽ തീരദേശ വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ്, പ്രിന്റർ, സ്കാനർ, ഫോട്ടോസ്റ്റാറ്റ് മുതലായ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളോടുകൂടിയ 75 പഠന മുറികൾ ലൈബ്രറികൾ കേന്ദ്രീകരിച്ച് സജ്ജീകരിച്ചു വരുന്നു.

10. **വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം** - 77 കോടി രൂപ ചെലവിൽ 33 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവികസനം, 29 തീരദേശ സ്കൂളുകളിൽ 2.80 കോടി രൂപ ചെലവിൽ 40 സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്ന പദ്ധതിയിൽ 26 തീരദേശ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജമാക്കി.

തീരദേശ സ്കൂളുകളിൽ 2.50 കോടി രൂപയുടെ സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി 35 വിദ്യാലയങ്ങളിൽ പൂർത്തീകരിച്ചു. ഗ്രൗണ്ട് നവീകരണവും തീരദേശ ജില്ലകളിലെ തിരഞ്ഞെടുത്ത 20 സ്കൂളുകളിൽ 2.00 കോടി രൂപയുടെ അടുക്കള നവീകരണം പദ്ധതിയിൽ 17 എണ്ണം പൂർത്തീകരിച്ചു. 1.00 കോടി രൂപ ചെലവിൽ മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥിനികൾക്ക് 2000

സൈക്കിൾ വിതരണം ചെയ്തു.

11. **നിരാലംബരായ വിദ്യാർത്ഥികളെ ദത്തെടുക്കൽ -**

മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതി പ്രകാരം 2018-19 -ൽ 11 പേർക്കും 2019-20-ൽ 13 പേർക്കും 2020-21-ൽ 14 പേർക്കും 2021-22-ൽ 13 പേർക്കും പഠനാവശ്യങ്ങൾക്കുള്ള ധനസഹായം നല്കിയിട്ടുണ്ട്.

മാതാപിതാക്കൾ മരണപ്പെട്ട 20 മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് വിദ്യാഭ്യാസ ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കുന്ന പദ്ധതി 2022-23 ൽ നടപ്പാക്കും.

ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19-ൽ 53.75 ലക്ഷം രൂപയും 2019-20-ൽ 65 ലക്ഷം രൂപയും 2020-21-ൽ 60 ലക്ഷം രൂപയും 2021-22-ൽ 50 ലക്ഷം രൂപയും അനുവദിച്ച് നല്കിയിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

12. **ആരോഗ്യാടിസ്ഥാന സൗകര്യവികസന പദ്ധതികൾ -** 32.22 കോടി രൂപ ചെലവിൽ തീരദേശത്തിലെ 20 ഫിഷറീസ് ആശുപത്രി, ജില്ലാ

ആശുപത്രി, സി.എച്ച്.സി., പി.എച്ച്.സി., സബ് സെന്റർ, ഡിസ്പെൻസറി എന്നിവയ്ക്ക് അടിസ്ഥാന സൗകര്യവികസനം നടപ്പാക്കുന്നു. ആയതിൽ 17 എണ്ണം പൂർത്തീകരിച്ചു.

**13. മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസ്** 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. 241572 മത്സ്യത്തൊഴിലാളികളെയും 85543 അനുബന്ധ മത്സ്യത്തൊഴിലാളികളെയും അപകട ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവന്നു.

**14. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി പലിശ രഹിത വായ്പ –** നൽകുന്ന പദ്ധതി നടപ്പിലാക്കി.

**15. മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പ –** 31-12-2008 വരെ ദേശസാൽകൃത ബാങ്കുകളിൽനിന്നും സഹകരണ സംഘങ്ങളിൽനിന്നും മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പ എഴുതി തള്ളി.

**16. വനിതാ മത്സ്യവിപണന തൊഴിലാളികൾക്ക് സൗജന്യയാത്ര** ഒരുക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് സമുദ്ര പദ്ധതി നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തെ

ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽനിന്നും മാർക്കറ്റുകളിലേയ്ക്കും തിരിച്ചും സൗജന്യമായി യാത്ര ചെയ്യുന്നതിന് 3 കെ.എസ്.ആർ.ടി.സി. ബസുകൾ പ്രവർത്തിക്കുന്നു.

**C. ഓഖി പുനരധിവാസ പദ്ധതി**

1. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട 481 പേർക്ക് ആറ് ഘട്ടങ്ങളിലായി 7.133 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഏഴാം ഘട്ടമായി 4 പേർക്ക് നഷ്ടപരിഹാര തുകയായ 24,60,405 /- രൂപ അനുവദിച്ചിട്ടുണ്ട്.

2. ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 741 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. കടൽ തീരത്തുനിന്ന് 50 മീറ്റർ മാറി സുരക്ഷിത സ്ഥലത്ത് സുരക്ഷിത ഭവനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയാണ് ചെയ്യേണ്ടത്. ആകെയുള്ള 72 പേരിൽ 16 പേർ ആനുകൂല്യം ആവശ്യമില്ലെന്ന് അറിയിച്ചിട്ടുണ്ട്. 9 പേർ മുൻ വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെട്ടവരും, 5 പേർക്ക് മുട്ടത്തറയിൽ ഫ്ലാറ്റും അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ

ഫ്ലാറ്റ് വേണമെന്ന് ആവശ്യപ്പെട്ട 20 പേർക്ക് ബീമാപള്ളിയിൽ ഫ്ലാറ്റ് അനുവദിച്ചു. 22 പേരിൽ 20 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു.

3. ഓഖി പദ്ധതിയുടെ നീക്കിയിരിപ്പ് തുകയിൽനിന്നും തിരുവനന്തപുരം ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്കും വീട് നഷ്ടപ്പെട്ട 6 കുടുംബങ്ങൾക്കും കൂടി ആകെ 38 കുടുംബങ്ങൾക്ക് 344 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 പേരിൽ 26 പേർ സ്ഥലം വാങ്ങി 12 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 13 പേർ 2-ാം ഘട്ടം പൂർത്തീകരിച്ചു. വീട് നഷ്ടപ്പെട്ട 6 പേരിൽ 2 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു.

4. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ 900 മത്സ്യത്തൊഴിലാളി യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ നാല് ഘട്ടങ്ങളിലായി 719 യുവാക്കളുടെ പരിശീലനം വിജയകരമായി പൂർത്തിയായിട്ടുണ്ട്.

5. 40000 ലൈഫ് ജാക്കറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

6. കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യബന്ധന യാനങ്ങളുമായി

വാർത്താവിനിമയം സുഗമമാക്കുവാൻ 941 നാവിക് ഉപകരണങ്ങളും 194 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്.

D. **തീരദേശ സ്കൂളുകളുടെ വികസനം**: വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതി. സംസ്ഥാനത്തെ തീരദേശ മേഖലയിലെ തെരഞ്ഞെടുത്ത 57 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 66.35 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. 22.14 കോടി രൂപയുടെ 22 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിച്ചു.

E. **സാഫ് മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ**:

1. സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി വനിതകളുടെ വരുമാനം വർദ്ധിപ്പിച്ച് അവരുടെ ആപേക്ഷിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് മൂല്യവർദ്ധിത ഉത്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി Central Institute of Fisheries Technology (CIFT) മായി ചേർന്ന് ശീതീകരണ സംവിധാനത്തോടുകൂടിയ 20 മത്സ്യവിപണന കിയോസ്ക് വിതരണം ചെയ്യുന്നു. 16 ലക്ഷം രൂപയുടെ പദ്ധതിയുടെ ഭാഗമായി കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ

ജില്ലകളിൽനിന്നും 44 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി 12.33 ലക്ഷം രൂപ ചെലവഴിച്ച് കഴിഞ്ഞു.

2. കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന്റെ CSR ഫണ്ടുപയോഗിച്ച് CIFT രൂപകല്പന ചെയ്ത 26 ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്ന ആദ്യഘട്ടത്തിൽ 14 കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 11 കിയോസ്കുകൾ വിതരണം ചെയ്യുന്നതിനായി സജ്ജമാക്കി വരുന്നു.

3. മത്സ്യത്തൊഴിലാളി സ്ത്രീകളെ പ്രവർത്തക ഗ്രൂപ്പുകളാക്കി തിരിച്ച് ബദൽ ജീവനോപാധി മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ സാഫ് ചെയ്തുവരുന്നു. തീരദേശത്തെ മത്സ്യത്തൊഴിലാളി വനിതകൾക്കുവേണ്ടി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

4. 2016-17 മുതൽ 2021-22 വരെയുള്ള കാലഘട്ടത്തിൽ 1070 പുതിയ

മത്സ്യത്തൊഴിലാളി വനിതാ സംരംഭങ്ങൾ ആരംഭിച്ചു. ഇതിലൂടെ 3106 വനിതകൾക്ക് വരുമാനവും തൊഴിലും ഉറപ്പാക്കാൻ സാധിച്ചു. 2019-20 വരെ ഒരംഗത്തിന് 75,000 രൂപയായിരുന്ന ഗ്രാന്റ് 1,00,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഒരു ഗ്രൂപ്പിന് അഞ്ച് ലക്ഷം രൂപ വരെ സംരംഭം ആരംഭിക്കുന്നതിനായി നൽകി വരുന്നു. ഇതിനായി 2021-22 വർഷം 2201.18 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

5. തീരദേശ ജില്ലകളിലായി 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തിരുവനന്തപുരം-3, കൊല്ലം-7, ആലപ്പുഴ-6, എറണാകുളം-8, തൃശ്ശൂർ-6, മലപ്പുറം-4, കോഴിക്കോട്-6, കണ്ണൂർ-2, കാസർഗോഡ്-4 എന്നിങ്ങനെ 46 തീരമൈത്രി സീ ഫുഡ് റസ്റ്റോറന്റുകൾ രൂപീകരിക്കുന്നതിന് 643.26 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി. നിലവിൽ 45 റസ്റ്റോറന്റുകൾ പ്രവർത്തിച്ചുവരുന്നു.

6. മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽനിന്ന് രക്ഷിക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ 3R Package For Ensuring Sustainable Livelihoods of Fisher women in Kerala (Rebuilding, Revival, Reforms) എന്ന പദ്ധതി

പ്രകാരം 1000 മത്സ്യത്തൊഴിലാളി വനിതകളുടെ 200 JLG ഗ്രൂപ്പുകൾ രൂപീകരിച്ച് കൊല്ലം ജില്ലയിൽ 160, ആലപ്പുഴ ജില്ലയിൽ 40 JLG ഗ്രൂപ്പുകൾക്ക് ധനസഹായം നൽകി. 1750 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 350 Joint Liability Group-കൾ 100 തിരുവനന്തപുരം, 100 കൊല്ലം, 100 ആലപ്പുഴ, 50 എറണാകുളം എന്നീ ജില്ലകളിലായി 239 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയിൽ 2020-21 വർഷത്തിൽ 304 JLG ഗ്രൂപ്പുകൾക്ക് ധനസഹായം നൽകി. 2021-22 വർഷത്തിൽ 1385 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 277 JLG ഗ്രൂപ്പുകൾ രൂപീകരിച്ചു.

7. അഷ്ടമുടി Phase II പദ്ധതി പ്രകാരം 2018-19-ൽ 48 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 തയ്യൽ യൂണിറ്റുകൾ 'Consortium' മാതൃകയിൽ കൊല്ലത്ത് പ്രവർത്തനം പുരോഗമിച്ചുവരുന്നു.

8. <u>2022-23 വർഷത്തിൽ സാഫ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ</u>

തീരദേശത്തെ മത്സ്യത്തൊഴിലാളി വനിതകൾക്കുവേണ്ടി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ.), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി.) എന്നീ പദ്ധതികൾ 2022-23

വർഷത്തിൽ നടപ്പിലാക്കുന്നു. 15 കോടി രൂപയുടെ ഭരണാനുമതി ഈ പദ്ധതിക്കായി നൽകിയിട്ടുണ്ട്.

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)

മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ വരെ ഗ്രാന്റ് (ഒരംഗത്തിന് ഒരു ലക്ഷം രൂപ) അനുവദിക്കുന്നു. 2022-23 വർഷത്തിൽ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ 150-300 ചെറുകിട സംരംഭങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നു. ഇതിനായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. JLG Project for Ensuring Livelihood Security of Fisherwomen in Kerala

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിന് സാഫ് മുഖേന JLG Project for Ensuring Livelihood Security of Fisherwomen in Kerala പദ്ധതി നടപ്പിലാക്കുന്നു. 2022-23 വർഷത്തിൽ 500

മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 100 ജെ.എൽ.ജി. യൂണിറ്റുകൾ ആരംഭിക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കേരള ബാങ്ക് മുഖേന ദീർഘകാല വായ്പ പദ്ധതി

Covid-19 പശ്ചാത്തലത്തിൽ സംരംഭം മുന്നോട്ടുകൊണ്ടുപോകുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന തീരമൈത്രീ യൂണിറ്റുകൾക്ക് പ്രവർത്തിക്കാൻ വേണ്ട Working Capital Assistance നൽകുന്നതിനും അതുവഴി സ്വയം പര്യാപ്തത ഉറപ്പുവരുത്തുന്നതിനും ദീർഘകാല വായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കി Collateral Security ഒന്നുംതന്നെ നൽകാതെ കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘകാല വായ്പയാണ് ലഭ്യമാക്കുന്നത്. 2020-21 വർഷത്തിൽ 1054 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന 359 തീരമൈത്രി യൂണിറ്റുകൾക്കായി 5 കോടി രൂപ കേരള ബാങ്കിൽനിന്നും അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 139 യൂണിറ്റുകൾക്ക് 1.64 കോടി രൂപയുടെ ദീർഘകാല വായ്പയും അനുവദിച്ചിട്ടുണ്ട്.

സ്നേഹതീരം പദ്ധതി

തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ

ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിന് സ്നേഹതീരം പദ്ധതി നടപ്പിലാക്കുന്നു.

## <u>Model Peeling Unit</u>

ആലപ്പുഴ ജില്ലയിലെ 12 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 31 ലക്ഷം രൂപയുടെ 'Model Peeling Unit' സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവും ആയിരിക്കും. ഒരംഗത്തിന് ഒരു ലക്ഷം രൂപ ഗ്രാന്റ്. പീലിംഗ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉയർന്ന ഗുണനിലവാരത്തിലും hygienic ആയും ജോലി ചെയ്യുന്നതിന് മാതൃകയാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിലൂടെ സ്ഥിരവരുമാനവും സ്ഥിരംതൊഴിലും കണ്ടെത്തുന്നതിനും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

## <u>F. മത്സ്യഫെഡ് മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ</u>

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ

വികസന പദ്ധതി (ഐ.എഫ്.ഡി.പി.)

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകിവരുന്നു.

2. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ - ടേം വായ്പകൾ, മൈക്രോഫിനാൻസ് വായ്പ, മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി.

3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS), വലകൾക്കുള്ള സബ്സിഡി പദ്ധതി

മത്സ്യഫെഡ് മൈക്രോഫിനാൻസ്, മത്സ്യ വിപണന വനിതകൾക്കുള്ള പലിശരഹിത വായ്പ (ഐ.എഫ്.എൽ.) എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽനിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ

മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

4. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനുവേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

5. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)

മത്സ്യത്തൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വഴി വായ്പ ലഭിക്കുന്നതിന് 440 ബാങ്കുകളിലായി 11065 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 648 പേർക്ക് 7.08 കോടി രൂപ കെ.സി.സി. വായ്പയായി വിവിധ ബാങ്കുകൾ വിതരണം ചെയ്തുകഴിഞ്ഞു.

6. കോട്ടയം ജില്ലയിലെ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും വനിതകളുടെയും ഉപജീവനം മാർഗ്ഗം

മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.

എം.പി.ഇ.ഡി.എ.-യുടെ കീഴിലുള്ള നെറ്റ് ഫിഷ് ((Network for Fish Quality Management and Sustainable Fishing) എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോടെ കോട്ടയം ജില്ലയിലെ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്ക് 50 ലക്ഷം രൂപയും വനിതകളുടെ 5 സ്വയംസഹായ ഗ്രൂപ്പുകൾക്ക് സോളാർ ഫിഷ് ഡ്രൈയറുകൾ നൽകുന്നതിന് 20 ലക്ഷം രൂപയും നൽകുന്ന പദ്ധതി നടപ്പിലാക്കി 90 ശതമാനം തുക നെറ്റ്ഫിഷ് ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

7. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി

മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി മത്സ്യത്തൊഴിലാകളികൾക്ക് മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. ലിറ്ററിന് 25 രൂപ നിരക്കിൽ മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നു.

8. മത്സ്യവിപണനം

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽനിന്നും മത്സ്യം നേരിട്ട് മത്സ്യഫെഡ് സംഭരിക്കുന്നത് വഴി മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങളായ എസ്.എച്ച്.ജി. ഗ്രൂപ്പുകളിലെ വനിതകൾക്ക് പരിശീലനം നൽകി ടി വനിതകളാണ് മത്സ്യഫെഡ് ഫിഷ് മാർട്ടുകളും അന്തിപ്പച്ച യൂണിറ്റുകളും നടത്തുന്നത്. ഇതുവഴി അവർക്ക് തൊഴിലും മെച്ചപ്പെട്ട വരുമാനവും ലഭ്യമാകുന്നു.

G. മത്സ്യബോർഡ് മുഖേന നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

മത്സ്യത്തൊഴിലാളികളുടേയും അനുബന്ധത്തൊഴിലാളികളുടെയും സാമ്പത്തിക സാമൂഹ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികളിലൂടെ ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ തീരാരോഗ്യം പദ്ധതി, തണൽ പദ്ധതി, കൂടാതെ, കോവിഡ്-19 മൂലം

തൊഴിൽ നഷ്ടം കണക്കിലെടുത്ത് നൽകുന്ന ധനസഹായങ്ങൾ, മത്സ്യബോർഡ് മുഖേന നൽകിവരുന്നു. മത്സ്യത്തൊഴിലാളികൾ, അനുബന്ധത്തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്കായി മത്സ്യബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികൾ:

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.

3. വിവാഹ ധനസഹായ പദ്ധതി

4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

5. വാർദ്ധക്യകാല പെൻഷൻ

6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ

പദ്ധതി.

7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി.

8. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്

9. കുടുംബ സംവിധാന പദ്ധതി

10. മാരകരോഗ ചികിത്സാ പദ്ധതി

11. ചെയർമാൻസ് റിലീഫ് ഫണ്ട്

12. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി

13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

14. വിധവ പെൻഷൻ

15. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്കുള്ള പദ്ധതി

16. ബോർഡിന്റെ പ്രത്യേക ധനസഹായം

## 17. ബോധവൽക്കരണ പരിപാടി

അനുബന്ധം II

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY-യിൽ ഉൾപ്പെടുത്തി 10 പേർ വീതം അടങ്ങുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 10 യന്ത്രവത്കൃത ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് 2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചു. 1200 ലക്ഷം രൂപയാണ് ആകെ പദ്ധതി തുക. ആദ്യഘട്ടത്തിൽ pilot പ്രോജക്ടായി തിരുവനന്തപുരം, കൊല്ലം എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത് പ്രാഥമികമായി ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ 6 ഗ്രൂപ്പുകൾ തിരുവനന്തപുരം (2), കൊല്ലം (2) കോഴിക്കോട് (2) എന്ന തരത്തിൽ പദ്ധതിയിൽ അംഗങ്ങളാകാൻ താല്പര്യം അറിയിച്ചിട്ടുണ്ട്.

2. ഓഖി ദുരന്തത്തിൽ മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായും അപകടത്തിൽപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 120 FRP മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി നൽകുന്നതിന് ബ്ലൂറവല്യൂഷൻ 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി 988 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഓരോ FRP ബോട്ടുകൾക്കും 25 HP യുടെയും 9.9 HP യുടെയും രണ്ട് എഞ്ചിനുകളും ജി.പി.എസ്., എക്കോസൗണ്ടർ, ലൈഫ്ബോയ്,

റോപ്പ്, ഫ്ലോട്ട് എന്നിവയും നൽകുന്നു.

3. മത്സ്യത്തൊഴിലാളികൾക്ക് FRP മത്സ്യബന്ധന യൂണിറ്റുകൾ 40% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിന് 2018-19 സാമ്പത്തികവർഷം ബ്ലൂറവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 412 ലക്ഷം രൂപയുടെ പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കിയിരുന്നു. 200 മത്സ്യത്തൊഴിലാളികൾക്കാണ് ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപ വില വരുന്ന FRP മത്സ്യബന്ധന യൂണിറ്റുകൾ അനുവദിച്ചു നൽകിയത്.

4. 2021-22 സാമ്പത്തിക വർഷം PMMSY പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ ചെലവുവരുന്ന 100 FRP മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് 500 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. FRP യാനത്തിനുപുറമെ എഞ്ചിൻ മത്സ്യബന്ധന വലകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുന്നവയാണ് ഒരു യൂണിറ്റ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് വഴി പുരോഗമിക്കുന്നു. കൂടുതൽ സുരക്ഷിതമായ FRP യാനങ്ങൾ നൽകുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ആത്മവീര്യവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുകയും

സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുകയും മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനയാനങ്ങളുടെ ഉടമസ്ഥരാക്കി തീർക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

5. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വലകൾവാങ്ങുന്നതിന് സബ്സിഡി നൽകുന്ന 'Suitable components for fishing gears' എന്ന പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ ഒരു തുടർ പദ്ധതിയാണിത്. പദ്ധതി പ്രകാരം വിലയുടെ 25% അല്ലെങ്കിൽ 10,000/- രൂപ ഇവയിൽ ഏതാണോ കുറവ് ആയത് 10 HP യിൽ താഴെയുള്ള OBM ഘടിപ്പിച്ച യാന ഉടസമസ്ഥരായ മത്സ്യത്തൊഴിലാളികൾക്കാണ് നൽകി വരുന്നത്.

6. 'Motorisation of country crafts' എന്ന പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40 HP വരെയുള്ള എൻജിൻ വാങ്ങുന്നതിന് പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. പ്രതിവർഷം 200 മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയിലൂടെ സബ്സിഡി അനുവദിക്കുന്നുണ്ട്. 40 HP വരെ എൻജിൻ കപ്പാസിറ്റിയുള്ള ഔട്ട്ബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾക്കാണ്

സബ്സിഡി അനുവദിക്കുന്നത്.

7. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി.) മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും, മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമുള്ള എഞ്ചിനുകൾ മത്സ്യഫെഡ് തന്നെ ഇറക്കുമതി ചെയ്ത് നൽകി വരുന്നു. മത്സ്യബന്ധന വലകൾ മത്സ്യഫെഡിന്റെ 3 നെറ്റ് ഫാക്ടറികളിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

8. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ

ടേം വായ്പകൾ - മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ

സംരംഭങ്ങൾ ഏറ്റെടുത്തുനടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകിവരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു.

*******